LIBRARY ARCHIVES Kerala Legislative Assembly

ദേശീയ അന്തർദ്ദേശീയ ധനകാര്യ ഏജൻസികളുടെ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ

55 [1741] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ അന്തർദ്ദേശീയ ധനകാര്യ ഏജൻസികളുടെ സഹായത്തോടെ കേരളത്തിൽ എത്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്നും അവ ഏതെല്ലാം എന്നും വിവരിക്കാമോ;

(ബി) കേരളത്തിൽ കുടിവെള്ളക്ഷാമം കൂടിവരുന്ന സാഹചര്യത്തിൽ തൽസംബന്ധമായി പഠനം നടത്തുവാനും പുതിയ സാമ്പത്തിക ഏജൻസികളെ കണ്ടെത്തുവാനും പദ്ധതിയുണ്ടോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ഏജൻസികളിലൂടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എൽ. ഐ. സി. സഹായത്തോടെയുള്ള 80 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ, എൽ.ഐ.സി./ഹഡ്കോ സഹായത്തോടെയുള്ള 44 നഗര ശുദ്ധജല വിതരണ പദ്ധതികൾ, ജെ.ബി.ഐ.സി. സഹായത്തോടെയുള്ള 5 ശുദ്ധജല വിതരണ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. (വിശദവിവരങ്ങൾ † അനുബന്ധമായി ചേർത്തിരിക്കുന്നു.) കൂടാതെ ലോക ബാങ്കിന്റെ ധനസഹായത്തോടെ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി ജലനിധി എന്ന പേരിൽ ശുദ്ധ ജലവിതരണ ശുചിത്വ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) നബാർഡ് സഹായത്തോടെയുള്ള 8 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഫെഡറൽ ബാങ്ക്, എസ്.ബി.റ്റി. എന്നീ ബാങ്കുകളുമായി ചർച്ചകൾ നടത്തി വിവിധ പദ്ധതികൾക്ക് സഹായം നേടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിദേശ ഏജൻസിയായ മിഡിൽ ഈസ്റ്റ് ഫണ്ടിംഗ് ഏജൻസിയിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിലേക്കായി കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.